## വിവാഹം



എറണാകുളം ഓൾഡ് റെയിൽവേസ്റ്റേഷൻ റോഡ് കാടാ പുരം അഡ്വക്കേറ്റ് ശ്രീ. കെ. മാത്യൂസ് മത്തായിയുടെയും, ശ്രീമതി മഞ്ജു മാത്യൂസിന്റെയും മകൻ **ഡോ.ജോസഫ് മാത്യൂവും**, പുനലൂർ ജയഭാരതം വില്ലയിൽ ഡോ. റോയ് ബാബുവിന്റെയും ഡോ. സുജ റോയിയുടെയും മകൾ **ഡോ. ജോസ്ന റോയ് ബാബുവും** തമ്മിലുള്ള വിവാഹം 31-12- 2017 ൽ കത്തീഡ്രലിൽ നടന്നു.



എറണാകുളം ആലപ്പാട്ട് ക്രോസ്സ്റോഡ് ചാലപ്പുറത്തു ശ്രീ.മോഹൻ കുര്യാക്കോസിന്റെയും, ശ്രീമതി സാറമോഹന്റെയും മകൻ **രാഹുൽ മോഹനും** തിരുവല്ല മേപ്രാൽ പുതിയോട് കാളികാവിൽ മണക്ക് ശ്രീ.ഫിലി വർക്കിയുടെയും ശ്രീമതി റിന ഫിലിയുടെയും മകൾ **സൂസൻ ഫിലിയും** തമ്മിലുള്ള വിവാഹം 01-01-2018 ൽ കത്തീഡ്രലിൽ നടന്നു.



എറണാകുളം കടവന്ത്ര ചെലവന്നൂർ റോഡ് വികാസ് നഗർ മഴുവഞ്ചേരിപ്പറമ്പത്ത് ശ്രീ.എം.വർക്കി കോരതിന്റെയും ശ്രീമതി അന്നാ ബിനു വർക്കിയുടെയും മകൻ ഡോ. **കോരത് വർക്കിയും**, സേലം ഫെയർലാൻഡ്സ് പാനാട്ട് ഡോ. ജോർജ് പോളിന്റെയും ഡോ. ബിനു ജോർജിന്റെയും മകൾ **ഡോ.ദിവ്യ എലിസബത്ത് ജോർജും** തമ്മിലുള്ള വിവാഹം 25-12-2017 ൽ കത്തീഡ്രലിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Jan. 14 - 07.00 am, Jan. 21 - 10.00 am, |
| | Jan. 28 - 07.00 am, Feb. 04 - 10.00 am, |
| സെമിത്തേരിമുക്ക് ചാപ്പൽ: | Jan. 21 -07.30 am, Feb . 04 - 07.30 am |

എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am

## മാമോദീസ



എളംകുളം മാതാറോഡ് പാലത്തിങ്കൽ ശ്രീ.തോമസ് വി.പാലത്തിങ്കലിന്റെയും ശ്രീമതി റിയ തോമസിന്റെയും മകൻ **ജോർജ്** (**Niel George Thomas Palathinkal** ) 30-12-2017 ൽ മാമോദീസ സ്വീകരിച്ചു.

പനമ്പിള്ളി നഗർ മോടയിൽ ശ്രീ.ഫിലിപ്പ് നൈനാന്റെയും ശ്രീമതി സാമന്ത മാമ്മന്റെയും മകൻ **ജോൺ** (**IAN Philip**) 25-12-2017 ൽ മാമോദീസ സ്വീകരിച്ചു .

എറണാകുളം ലിസി ഹോസ്പിറ്റൽ റോഡിൽ മണച്ചിറക്കൽ ശ്രീ. രോഹിത് ജോർജിന്റെയും ശ്രീമതി ദിവ്യ ആനി ചെറിയാന്റെയും മകൾ **സാറാ** 25-12-2017 ൽ മാമോദീസ സ്വീകരിച്ചു.

പനമ്പിള്ളിനഗർ KV - 34 ചെറുകര ശ്രീ.ജോൺ തോമസിന്റെയും ശ്രീമതി മിനു ലിസ് എബ്രഹാമിന്റെയും മകൾ **ഏലീശബ (Michelle Liz John)** 30-12-2017 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

## അഭിനന്ദനം



**ക്രിസ്റ്റീന മറിയം ചാക്കോ**
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ എം.എസ്സ്.സി സൈക്കോളജി പരീക്ഷയിൽ സെക്കന്റ് റാങ്കോടെ ഉന്നത വിജയം നേടിയ ക്രിസ്റ്റീന നമ്മുടെ ഇടവകാംഗം ശ്രീ. ചാക്കോ ഫിലിപ്പിന്റെയും, മറിയാമ്മ ചാക്കോ യുടെയും മകളാണ് .



**Alan Thomas Jacob**
(S/oShanly Thomas & Mary Varghese) has won First prize in verses writing Sunday School Bhadhrasana Level and Second prize in General Knowledge ( Senior Secondary ). in YMCA Senior Quiz Competition



**Aneeta Elizabeth Shaji**
(D/o Shajy Thomas & Bindhu TV ) has bagged Second Prize in YMCA Senior Quiz Competition



**ശ്രീ. ഡാലസ് ചെറിയാൻ**
എറണാകുളം ജില്ല സൺഡേസ്കൂൾ അദ്ധ്യാപകരുടെ 29-10-2017 ൽ കൂടിയ മീറ്റിംഗിൽ വച്ച് ജില്ല ഇൻസ്പെക്റ്ററായി നമ്മുടെ ഇടവകാംഗം ശ്രീ. ഡാലസ് ചെറിയാനെ തിരഞ്ഞെടുത്തു.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ഇംഗ്ലീഷ് വി. കുർബ്ബാന, വൈകുന്നേരം 5.30 ന്**





## ആദരാഞ്ജലികൾ



**വി.എ.ഐസക്**
**വട്ടമല**

കടവന്ത്ര കെ.പി.വള്ളോൻ റോഡ് വട്ടമല **വി.എ.ഐസക്** (85 വയസ്സ്) 21-12-2017 ന് നിര്യാതനായി 24-12-2017 ന് എളംകുളം സെമിത്തേരിയിൽ അടക്കംചെയ്തു .

## ആദരാഞ്ജലികൾ





**എൻ.വി ഫിലിപ്പ്**
**നെടുമ്പുറത്ത്**

വൈറ്റില തൈക്കൂടം മഹാത്മറോഡ് നെടുമ്പുറത്ത് **എൻ.വി ഫിലിപ്പ്** (75വയസ്സ്) 31-12-2017 ന് നിര്യാതനായി .01-01-2018 ന് എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു .

കഴിഞ്ഞ അര നൂറ്റാണ്ടുകാലം നമ്മുടെ കത്തീഡ്രലിൽ വളരെ സ്തുത്യർഹമാംവണ്ണം സേവനമനുഷ്ടിച്ച ശ്രീ. ഫിലിപ്പിന്റെ സംസ്കാര ചടങ്ങിൽ പ. ബസേലിയോസ് മാർതോമ പൗലോസ് ദ്വിതീയൻ കതോലിക്കബാവ നേതൃത്വം നൽകുകയും, അഭി. പോളികാർപ്പോസ് തിരുമേനി സംബന്ധിക്കുകയുമുണ്ടായി. പ്രത്യേക കാരണത്താൽ എത്തിച്ചേരുവാൻ സാധിക്കാതിരുന്ന ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഐറേനിയോസ് തിരുമേനിയുടെ അനുശോചന സന്ദേശവും ഉണ്ടായിരുന്നു. വൈദീകരുടെയും ശെമ്മാച്ചൻമ്മാരുടെയും, ശുശ്രൂഷകരുടെയും വലിയൊരു നിരതന്നെ സംസ്കാര ചടങ്ങിൽ സംബന്ധിച്ചിരുന്നു. എല്ലാവരും തന്നെ ശ്രീ. ഫിലിപ്പിന്റെ സേവനങ്ങളെ പുകഴ്ത്തുന്നതു കേൾക്കാമായിരുന്നു. *പാരിഷ് ന്യൂസിന്റെ പ്രത്യേക അനുശോചനം രേഖപ്പെടുത്തുന്നു.* ■

## വിശേഷ ദിവസങ്ങൾ

**ജനുവരി 2018**

| | | |
|---|---|---|
| 8 | തിങ്കൾ | സ്തേഫാനോസ് സഹാദയുടെ ഓർമ്മ |
| 14 | ഞായർ | ഇടവക പെരുന്നാൾ കുർബ്ബാന 7.00 |
| 15 | തിങ്കൾ | വിത്തുകൾക്കു വേണ്ടിയുള്ള വി.ദൈവമാതാവിന്റെ പെരുന്നാൾ |
| 21 | ഞായർ | മൂന്നു നോമ്പിലെ പേത്തൂർത്ത ഞായർ |
| 22 | തിങ്കൾ | നിനുവേ നോമ്പ് (3 നോമ്പ് ആരംഭം) |
| 25 | വ്യാഴല | നിനുവേ നോമ്പ് വീടൽ. യോനാ ദീർഘദർശിയുടെ ഓർമ്മ |
| 28 | ഞായർ | പട്ടക്കാരുടെ പൊതുവായ ഓർമ്മ കഴിക്കുന്ന ഞായർ (കൊഹനേ ഞായർ) |

**ഫെബ്രുവരി**

| | | |
|---|---|---|
| 02 | വെള്ളി | മായൽത്തോ പെരുനാൾ (കർത്താവിന്റെ ദേവാലയ പ്രവേശനം മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുടെ 50-ാം ഓർമ്മ കണ്ടനാട് കാർമ്മേൽദയറാ) |
| 4 | ഞായർ | സകല വാങ്ങിപ്പോയവരുടെയും പൊതുവായ ഓർമ്മ |

## പ്രാർത്ഥനാ യോഗങ്ങൾ

**St. Gregorios Unit (Elamkulam-Kadavanthra Area) 07-01-2018 -4 pm**
ശ്രീ. **ഐസക്ക് വി.എ**
വട്ടമല, കെ.പി. വള്ളോൻ റോഡ്
കടവന്ത്ര
Ph: 2316168, Mob: 9349274499

**St. Thomas Unit (North-Pachalam Area) 21-01-2018 - 4 pm**
ശ്രീ. **ചെറിയാൻ തോമസ്**
കല്ലത്ത് ഹൗസ്, മത്തായി
മാഞ്ഞുരാൻ റോഡ്, എറണാകുളം
Ph: 2390668, Mob: 8089115078

**St. Gregorios Unit (Elamkulam-Kadavanthra Area) 28-01-2018 -4 pm**
ശ്രീ. **തങ്കച്ചൻ എം.ജി**
മേപ്പുറത്ത്, കുഞ്ഞൻബാവ റോഡ്
പൊന്നുരുന്നി, വൈറ്റില
Ph: 2304044, Mob: 9447031812




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 01 JANUARY 2018




## എഡിറ്റോറിയൽ

### അന്ത്യത്തോളം ഓടുക

"ഒന്നു ഞങ്ങൾ ചെയ്യുന്നു, പിമ്പിലുള്ളതു മറന്നും മുൻപിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു" (ഫിലി.3:14). ക്രിസ്തീയവിശ്വാസം അടിത്തറയായവർക്ക് ഒരു കാര്യത്തിൽ ഉറപ്പുണ്ട്. ഭാവിയെക്കുറിച്ചും അന്ത്യത്തെക്കുറിച്ചുമുള്ള സുന്ദരമായ ഒരു കാഴ്ചപ്പാടാണത്. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനിയുടെ മനസ്സിൽ സ്വന്തം അന്ത്യത്തേക്കുറിച്ച് ഭയപ്പെടേണ്ടതില്ലല്ലൊ. പ്രായമാകുമ്പോൾ പലരും പറയുന്ന വിവരണങ്ങൾ, അവർ റിട്ടയർ ചെയ്യുന്നതിനുമുൻമ്പ് വലിയകാര്യങ്ങൾ ചെയ്തിരുന്നതിനെക്കുറിച്ചായിരിക്കും. അവർ മനസ്സിലാക്കേണ്ട ഒരു വസ്തുത, അവരുടെ ജീവിതകാലം മുഴുവൻ അങ്ങിനെ തന്നെ പ്രാധാന്യമുള്ള കാര്യങ്ങൾ ചെയ്യുവാനാണ് ദൈവം ഉദ്ദേശിച്ചിരിക്കുന്നത് എന്നതാണ്. പഴയവ അയവിറക്കിക്കൊണ്ടിരിക്കാതെ ഇപ്പോഴത്തെ അവസ്ഥയിൽ എന്തുചെയ്യാൻ സാധിക്കും എന്നു ചിന്തിക്കയാണ് വേണ്ടത്. "ലഭിച്ചുകഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നു എന്നതുകൊണ്ട്, എനിക്കും അതു പിടിക്കാമോ എന്നുവച്ച് പിന്തുടരുന്നതേയുള്ളു" (ഫിലി.3:12). വി.പൗലോസ് തന്റെ ജീവിതത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ലോകരുടെയും പിശാചുക്കളുടെയും സ്ഥിരമായ ഉപദ്രവം മനസ്സിലാക്കി പറഞ്ഞതാണിത്. ജീവിതാന്ത്യത്തോളം ഒരേവിധത്തിലുള്ള പോരാട്ടമായിരുന്നു വി.പൗലോസിനുണ്ടായിരുന്നത്. പക്ഷെ എല്ലായിടത്തും പൗലോസിനെ ദൈവം നേരിട്ട് ഇറങ്ങിവന്ന് അനുഗ്രഹിച്ചിരുന്നത് നമുക്കറിയാമല്ലൊ.

ഒരു രാജാവ് സൈന്യാധിപനെ ഒരു കോട്ട പിടിക്കുവാൻ വിട്ട കഥ കേട്ടിട്ടുണ്ട്. വിശ്വസ്ഥനായ സൈന്യാധിപൻ കോട്ട പിടിച്ചിട്ട് അങ്ങേയറ്റം അഹങ്കാരത്തോടെ രാജാവിന്റെയടുക്കൽ തന്റെ വിജയത്തെക്കുറിച്ച് അറിയിക്കുവാനെത്തി, രാജാവ് ഇതറിയുമ്പോൾ അത്യധികം സന്തോഷിച്ച് എഴുന്നേറ്റ്നിന്ന് സൈന്യാധിപനെ ആശ്ലേഷിക്കുമെന്ന് അദ്ദേഹം കരുതി. എന്നാൽ സംഭവിച്ചതു മറിച്ചായിരുന്നു. വളരെ സൗമ്യനായി രാജാവ്, സൈന്യാധിപന്റെ വിജയത്തെക്കുറിച്ച് കേട്ടശേഷം അദ്ദേഹത്തോടിങ്ങനെ പറഞ്ഞു, "നിങ്ങൾ പോയി അടുത്ത കോട്ട പിടിക്കുക."കോട്ടപിടിച്ചത്

(ശേഷം 2-ാം പേജിൽ)

## ഇടയ ലേഖനം

### നേതൃത്വത്തിന്റെ സുതാര്യത



കറതീർന്നതും നിഴൽ വീഴാത്തതുമായ ധാർമ്മികതയിൽ ഉറച്ചുനിന്നുകൊണ്ട്, സ്വജീവിതത്തിൽ പാളിച്ചകളുണ്ടെങ്കിൽ ചൂണ്ടി കാണിക്കുവാൻ വെല്ലുവിളിച്ച രണ്ട് പേരെ വി. ബൈബിൾ പരിചയപ്പെടുത്തുന്നുണ്ട്. യേശുക്രിസ്തുവും, നീതിമാനും നിഷ്ക്കളങ്കനുമായ ഇയ്യോബും (യോഹ. 8:42, ഇയ്യോബ് 6:24). കളങ്കവും കുറ്റബോധവുമില്ലാത്ത ഒരാളിന് മാത്രമേ യഥാർത്ഥത്തിൽ ധൈര്യമുണ്ടാകുകയുള്ളു. ആപാദചൂഢവും, ജീവിതഗാഥയും, അകളങ്കിതനുമായിരുന്ന ക്രിസ്തുവിനും, നിഷ്ക്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷം വിട്ടകലുന്നവനുമെന്ന് (ഇയ്യോബ് 1:1-2) വി.ഗ്രന്ഥം സാക്ഷിക്കുന്ന ഇയ്യോബിനും, ധർമ്മത്തിന്റെ പിന്തുണയുള്ള ധൈര്യമുണ്ട്. ലോകരക്ഷകനും, ഇയ്യോബും തുല്യരാണെന്ന് സ്ഥാപിക്കുകയാണിവിടെ. എന്നാൽ 'സഹനം എന്നതിന്റെ കാലാതീതമായ മഹാ മാതൃകയാണ് ഇയ്യോബ്. ശമുവേൽ, ബാല്യത്തിൽ തന്നെ ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ട സ്വീകാര്യബലിയും, ദിവ്യനിയോഗം പ്രാപിച്ചവനായ പ്രവാചകനും ന്യായാധിപനുമായിരുന്നു.

യിസ്രായേലിന് സ്വന്തമായി 'രാജാവു'ണ്ടായ കാലത്ത് ആയതിന് മദ്ധ്യസ്ഥനായി നിൽക്കുകയും, ആദ്യത്തെ രണ്ട് രാജാക്കന്മാരുടെയും കാലത്ത്, അവരെ വാഴിക്കുകയും, ഉപദേശിക്കുകയും ശാസിക്കുകയും ചെയ്തത് അദ്ദേഹമായിരുന്നു. വൃദ്ധനായി തീർന്നശേഷം അദ്ദേഹം ജനങ്ങളെ വിളിച്ചുകൂട്ടി അവരോട് പറയുന്നവാക്കുകൾ ശ്രദ്ധേയവും അപൂർവ്വമായി മാത്രം നേതാക്കളിൽ നിന്നുണ്ടാകുന്നവയുമാണ്. "ഞാൻ വൃദ്ധനും അവശനുമായി; എന്റെ മക്കൾ നിങ്ങളോട് കൂടെയുണ്ട്. എന്റെ ബാല്യം മുതൽ ഇന്നുവരെയും ഞാൻ നിങ്ങൾക്ക് നായകനായിരുന്നു. ഇതാ ഞാൻ ഇവിടെ നിൽക്കുന്നു. ഞാൻ ഒരുത്തന്റെ കാളയെ അപഹരിച്ചിട്ടുണ്ടോ? ഒരുത്തന്റെ കഴുതയെ അപഹരിച്ചിട്ടുണ്ടോ? വല്ലവനേയും പീഢിപ്പിച്ചിട്ടുണ്ടോ? ഞാൻ വല്ലവന്റെയും കയ്യിൽ നിന്നും കൈക്കൂലി വാങ്ങി എന്റെ കണ്ണ് കുരുടാക്കിയിട്ടുണ്ടോ?" (1 ശമു. 12:2-3).

ഒരു 'മനുഷ്യരാജാവ്' (ശൗൽ) നിയമിതനാകുന്നതുവരെ ജനനേതാവും, പ്രവാചകനും, ന്യായാധിപനും ശമുവേലായിരുന്നു. രാജാവുണ്ടായതിനെക്കുറിച്ച് അദ്ദേഹത്തിന് കുണ്ഠിതമില്ല. ജനം അക്കാരണത്താൽ യഹോവയെന്ന 'നിത്യരാജാവി'നെ ഉപേക്ഷിക്കുമോ എന്നതാണ് അദ്ദേഹത്തിന്റെ ശങ്ക.

സുദീർഘമായ തന്റെ നേതൃത്വകാലത്ത് മാതൃകാ പുരുഷനായി, ദൈവത്തിന്റെ പ്രവാചകനായിരുന്ന ശമുവേൽ എല്ലാ നേതൃത്വ ഗുണങ്ങളാലും സമ്പന്നനായിരുന്നു. ആ ജീവിതം ആസകലം സുതാര്യമായിരുന്നു. മോഷണം, ചീത്ത ആശ, കൈക്കൂലി ഇതൊന്നും ആ നേതാവിനെ

(ശേഷം 2-ാം പേജിൽ)

വികാരിയുടെ കത്ത്

# Distinguish Right From Wrong

Fr. Paul George



Every human being is created in the image of God (Genesis 1:27; James 3:9). Part of what it means to be in God's image is that we have a conscience that instinctively recognizes good and evil and tells right from wrong. Due to our sin nature, we tend to excuse the evil in ourselves (Romans 5:12; Proverbs 20:20; Jeremiah 2:35). A continual pattern of excusing evil leads to a hardening of the conscience. As darkness is defined by the absence of light, sin is defined by the absence of goodness (James 4:17). Since God is the very embodiment of good (Psalm 86:5; 119:68), anything contrary to His nature is evil (Romans 3:23).

We learn to distinguish good from evil by getting to know God. His Word is the foundation for understanding Him (Psalm 1:1–2; 119:160; John 17:17).The closer we draw to the holiness of God, the worse sin appears (Isaiah 6:1, 5). A

T-shirt may appear white against a black wall. But when you place that shirt on newly fallen snow, it appears quite dingy. Similarly, our attempts at goodness look quite dingy when placed next to the holiness of God. As we enter His presence, we start to notice how self-centered our thoughts and actions are. We see our own greed, covetousness, lust, and deceit for the evils that they are. It is only in God's light that we begin to see ourselves clearly.

We also learn to distinguish between right and wrong by knowing the Word. It is the Bible, after all, that delineates what is sinful and what is not. The author of Hebrews speaks of those who are immature in their faith, who can only digest spiritual "milk"—the most basic principles of God's Word (Hebrews 5:13). Note that a Christian's spiritual senses are strengthened through "constant use" of the Word. The ability to tell right from wrong, to distinguish between Christ's doctrine and man's, comes by studying and applying God's Word. God's Word is filled with examples of those who did right and those who did wrong. Those examples are there for us to learn what God likes and what He desires from us (1 Corinthians 10:11).

Micah 6:8 gives a brief summary of God's desire for every person: *"He has shown you, O mortal, what is good. And what does the LORD require of you? To act justly and to love mercy and to walk humbly with your God."* Malachi 3:18 makes it even clearer. God says, *"And you will again see the distinction between the righteous and the wicked, between those who serve God and those who do not."* If good is defined as serving God, then evil is rejecting God and refusing to serve Him. Regardless of how philanthropic a person may appear to others, his good works amount to little if they are done for selfish reasons. If we make it our goal to seek God and honor Him in everything we do (1 Corinthians 10:31), we will understand right and wrong and know that our life choices are pleasing to Him (Jeremiah 29:13; 1 Peter 3:12; Psalm 106:3). ■

*(എഡിറ്റോറിയൽ തുടർച്ച)*

ചെറുതായി കണ്ടിട്ടല്ല രാജാവ് അയാളോടിങ്ങിനെ പറഞ്ഞത്. സൈന്യാധിപനു ചെയ്യാവുന്ന, അതിലും പ്രധാനമായവ കിടപ്പുള്ളതു കൊണ്ടാണ്. വിശ്വാസികളുടെ ജീവിതവും ഇതുപോലെയാണ്. നാം ജോലിചെയ്തു തീർത്തിട്ടില്ല, ജോലി ചെയ്തുകൊണ്ടിരിക്കുകയാണ് എന്നായിരിക്കണം എപ്പോഴും നാം കരുതേണ്ടത്. പ്രായമായവർക്കും ചെയ്യാൻ പറ്റുന്നവ ദൈവം കാണിച്ചു തരും. ദൈവശബ്ദം ശ്രദ്ധിക്കണമെന്നുമാത്രം. അവിചാരിതമായ ബുദ്ധിമുട്ടുകൾ വരുമ്പോൾ അതിൽ മനസ്സുമടുക്കാതെ ക്രിസ്തീയ ജീവിതം ഒരുയുദ്ധഭൂമിയായി കണ്ട് അതിലെ ഒരു ഉത്തമ പടയാളിയായി ജീവിക്കുവാൻ ശ്രമിക്കണം.

ഈ പുതുയുഗത്തിൽ ഒരു പുതു ജീവിതം നയിക്കുവാൻ നിശ്ചയിച്ചു മുൻപോട്ടു പോകുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ വർഷം സംഭവിച്ചുപോയ പിഴകളെ ഓർത്തു സമയം കളയാതിരിക്കുക. നല്ലകാര്യങ്ങൾക്കായി നമുക്കുണ്ടാവുന്ന അവസരങ്ങൾ പാഴാക്കാതെ ഉപയോഗിക്കുക. നമുക്ക് ശുഭകാര്യങ്ങൾക്കായി. പുതുവർഷത്തെ കാത്തിരിക്കാം. എല്ലാ ഇടവകാംഗങ്ങൾക്കും നന്മനിറഞ്ഞ ഒരു പുതുവർഷം നേർന്നുകൊണ്ട്,

**ശുഭാശംസകളോടെ.... എഡിറ്റോറിയൽ ബോർഡ്** ■

*(ഇടയലേഖനം തുടർച്ച)*

തൊട്ടുതീണ്ടിയിരുന്നില്ല. കൈക്കൂലി വാങ്ങിയാൽ 'കാഴ്ച' നഷ്ടപ്പെടുമെന്നാണ് ശമുവേൽ പറയുന്നത്. കൈക്കൂലി വാങ്ങുന്ന ഭരണാധിപനിൽ നിന്ന് നീതി പ്രതീക്ഷിക്കേണ്ടെന്ന് സാരം - നേതൃസ്ഥാനം കൈവന്നാൽ പിന്നെ ആരെയും ഗൗനിക്കേണ്ടതില്ല, പണമുണ്ടാക്കാൻ ഏത് ഹീനമാർഗ്ഗവുമാകാം എന്നൊക്കെ ധരിച്ചവരുടെ നേതൃത്വം ഒരു ശാപമാണ്. സുറിയൻ കാനോൻ നിബന്ധന പ്രകാരം പണം വാങ്ങി പട്ടത്വനൽവരം നൽകുന്നത് കുറ്റകരമാണ്, പണത്തേക്കാൾ ഒരായിരം മടങ്ങ് മൂല്യമുള്ളതാണ് പട്ടത്വം എന്ന് മാത്രമല്ല; പണം വാങ്ങി സ്ഥാനം നൽകുന്നവന് 'ദർശനം' നഷ്ടപ്പെടുകയും ചെയ്യുന്നു. നേതൃത്വത്തിന്റെ സുതാര്യതയും ആത്മാർത്ഥതയും അനുയായികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കും; മറിച്ചായാൽ നേതൃത്വം വിമർശന വിധേയമാകുകയും ചെയ്യും. ആകയാൽ ഏതെങ്കിലും ജീവിത മണ്ഡലത്തിൽ നേതൃസ്ഥാനത്തെത്തുന്നവർ ചിന്തിച്ചുകൊള്ളട്ടെ. എല്ലാ നേതൃത്വവും അധികാരവും ദൈവത്തിൽ നിന്ന് വരുന്നു എന്നതിനാൽ നേതാക്കൾ വിനയപ്പെടേണ്ടിയിരിക്കുന്നു. തന്നിഷ്ടപ്രകാരം പ്രയോഗിക്കാനുള്ളതല്ല നേതൃത്വം. അങ്ങനെ വഴിവിട്ടുപോയ ശൗലിന് രാജാധികാരം നഷ്ടപ്പെട്ടുവെന്ന് ചരിത്രം പഠിപ്പിക്കുന്നുണ്ടല്ലോ. പണവും, പദവിയും, അധികാരവും കൈവന്നാൽ മദ്യവും, മദിരാഷിയും, കൈക്കൂലിയുമായി വിലസാമെന്ന് കരുതുന്നവരുടെ വീഴ്ച ആരംഭിച്ചുകഴിഞ്ഞു. ■





# 2017 - Christmas Celebrations

















എറണാകുളം സെൻറ് മേരീസ് കത്തീഡ്രൽ പള്ളിയുടെ 2017 ക്രിസ്തുമസ് ആഘോഷം 22/12/2017 വെള്ളിയാഴ്ച സന്ധ്യാ നമസ്കാരത്തെ തുടർന്ന് നടന്നു. ബഹു.വികാരി ഫാ. ജിജു വർഗീസ് സ്വാഗതം അരുളി. ചർച്ച് സീനിയർ , ജൂനിയർ ഗായകസംഘം മനോഹരമായി ഗാനങ്ങൾ ആലപിച്ചു.ആദരണീയനായ ജിജി തോംസൺ ഐ.എ.എസ് . ക്രിസ്തുമസ് സന്ദേശം നൽകി. ബഹുമാനപ്പെട്ട ഒ.വി . ഏലിയാസ് അച്ചൻ, ബിജു എബി മാത്യൂസ് അച്ചൻ, വിശ്വാസികൾ എന്നിവർ പങ്കെടുത്തു . സൈമൺ ജോസഫ് അച്ചൻ നന്ദി അറിയിച്ചു . M G O C S M ന്റെയും , സൺഡേ സ്കൂളിന്റെയും ആഭിമുഖ്യത്തിൽ പ്രത്യേക സ്കിറ്റ് അവതരിപ്പിച്ചു .

## ഇടവക പെരുന്നാളും മൂന്നുനോമ്പാചരണവും

പരിശുദ്ധ ദൈവമാതാവിന്റെ ഓർമ്മ പെരുന്നാൾ ജനുവരി 12,13,14 എന്നീ തീയതികളിലും മൂന്നുനോമ്പ് 21 മുതൽ 25 വരെയുള്ള ദിവസങ്ങളിലും ആചരിക്കുന്നു. പെരുന്നാൾ ശുശ്രൂഷകൾ **അഹമ്മദാബാദ് ഭദ്രാസനമെത്രാപ്പോലീത്ത അഭി. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിയുടെ** മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്നു. ഈ വർഷത്തെ മൂന്ന്നോമ്പാചരണത്തിന് മലങ്കര ഓർത്തഡോക്സ് സഭയുടെ സഞ്ചാര സുവിശേഷ വിഭാഗമായ **"സ്നേഹ സന്ദേശം"** നേതൃത്വം നൽകും.





## മുളന്തുരുത്തി പള്ളി കൂദാശ



മുളന്തുരുത്തി കാതോലിക്കേറ്റ്സെന്റർ പുതിയ പള്ളിയുടെ കൂദാശയും, പൊതുസമ്മേളനവും പരിശുദ്ധ പൗലോസ് ദ്വിതിയൻ കാതോലിക്ക ബാവയുടെയും, കൊച്ചിഭദ്രാസന മെത്രാപ്പോലീത്ത ഡോ.യാക്കോബ് മാർ ഐറേനിയോസിന്റെയും, മറ്റു അഭിവന്ദ്യപിതാക്കന്മാരുടെയും കാർമ്മികത്വത്തിൽ നടന്നു



## മർത്തമറിയം വനിതാസമാജം



**2017** ഡിസംബർ 24-ാം തീയതി ഞായറാഴ്ച്ച വി.കുർബാനാനന്തരം സാധു സംരക്ഷണ ധനശേഖരണാർത്ഥം കത്തീഡ്രൽ മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ കേക്ക് വില്പന നടത്തപ്പെട്ടു. സമാജാംഗങ്ങൾ വീടുകളിൽ തയ്യാറാക്കിയ കേക്കുകൾക്ക് ആവശ്യക്കാർ ഏറെയുണ്ടായിരുന്നു.

## ഓഖി ചുലഴിക്കാറ്റ്ബാധിതർക്ക് സാന്ത്വനം



**എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ദുരിതാശ്വാസവുമായി കടലോരഗ്രാമത്തിൽ:** ഓഖി ചുഴലിക്കാറ്റ് ദുരന്തം മൂലം കഷ്ടമനുഭവിക്കുന്ന ആളുകളെ സഹായിക്കണമെന്ന്, മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്ക ബാവയുടെയും, കൊച്ചി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തയുടെയും കൽപ്പനയനുസരിച്ച്, എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ ഇടവക വികാരി ബഹു. ജിജു വർഗ്ഗീസ് അച്ചന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ചെല്ലാനം സന്ദർശിക്കുകയുണ്ടായി. ദുരിതമനുഭവിക്കുന്നവരെ നേരിൽകണ്ട് കാര്യങ്ങൾ മനസ്സിലാക്കുവാനും അത്യാവശ്യ സൗകര്യങ്ങൾക്കുള്ള സഹായം ചെയ്തു കൊടുക്കുവാനും സാധിച്ചു. എകദേശം രണ്ടര ലക്ഷം രൂപയ്ക്കുള്ള സഹായം എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്കായി ക്രമീകരിക്കാൻ സാധിച്ചത് ദൈവാനുഗ്രഹം തന്നെ.

## ക്രിസ്തുമസ് ശുശ്രൂഷ





ജനനപ്പെരുന്നാളിന്റെ ബലിഅർപ്പണവും തീജ്വാല ശുശ്രൂഷയും കത്തീഡ്രൽ ദേവാലയത്തിൽ ഡിസംബർ 25-ാം തീയതി വെളുപ്പിന് രണ്ടര മണിക്കും എളംകുളം ചാപ്പലിൽ 24-ാം തീയ്യതി സന്ധ്യയ്ക്ക് 8 മണിക്കും ആരംഭിച്ചു. ആരാധനാനന്തരം ഏല്ലാവർക്കും കേക്ക് വിതരണം ചെയ്തു.

## മതന്യൂനപക്ഷ കമ്മീഷൻ- ഏകദിന സെമിനാർ

കേരളസംസ്ഥാന മതന്യൂനപക്ഷ കമ്മീഷൻ സംഘടിപ്പിക്കുന്ന ഏകദിന സെമിനാർ 2018 ജനുവരി 16 ചൊവ്വാഴ്ച രാവിലെ 9 മുതൽ 3.30 വരെ പാലാരിവട്ടം പി.ഒ.സി (KCBC Secretariate) യിൽ നടക്കുന്നതാണ്. കേരളത്തിലെ വിവിധ ക്രിസ്ത്യൻ സമുദായങ്ങളിൽ പെട്ടവരെ ന്യൂനപക്ഷകമ്മീഷന്റെ അധികാ രങ്ങളെകുറിച്ച് ഉദ്ബുദ്ധരാക്കുവാനാണ് ഈ സെമിനാർ സംഘടിപ്പിച്ചിരിക്കുന്നതെന്ന് കമ്മീഷൻ ജോയിന്റ് കൺവീനർ ഫാ. ജിജു വർഗീസ് അറിയിച്ചു. സെമിനാറിലേക്ക് ഏവർക്കും സ്വാഗതം. ■